**മൂന്നാം സ്കന്ദം ആരംഭം**

**നൂനം നൃപാണാം ത്രി മദോത്പഥാനാം**
**മഹീം മുഹുശ്ചാലയതാം ചമൂഭി:**
**വധാത് പ്രപന്നാർത്തിജിഹീർഷയേശോ**
**പ്യുപൈക്ഷതാഘം ഭഗവാൻ കുരൂണാം (3-1-43)**

ശുകമുനി തുടർന്നു:
അല്ലയോ പരീക്ഷിത്തേ, അന്ധനായ ധൃതരാഷ്ട്രർ ദുഷ്ടരായ സ്വപുത്രന്മാരോടുള്ള സ്നേഹത്തിൻെറ അന്ധതകൊണ്ട് സ്വന്തം സഹോദരപുത്രന്മാരായ പാണ്ഡവരെ ഒന്നടങ്കം നശിപ്പിക്കാൻ ശ്രമിച്ച കഥ നിങ്ങൾക്കറിയാമല്ലൊ. പാണ്ഡവരെ അരക്കില്ലത്തിൽ താമസിപ്പിച്ച് അതു തീയിട്ട് നശിപ്പിച്ചു. ഭഗവൽകൃപയാൽ അവിടെനിന്നും രക്ഷപ്പെട്ട പാണ്ഡവരെ കൗരവർ ചൂതിൽ തോൽപ്പിച്ച് ദ്രൌപതിയെ സഭാമദ്ധ്യത്തിലേക്ക് വലിച്ചിഴച്ചപമാനിക്കുകയും ചെയ്തു. ദ്രൌപതിയുടെ കണ്ണുനീർ പോലും അന്ധനായ രാജാവിൻെറ മനസ്സിളക്കാൻ പര്യാപ്തമായില്ല. പിന്നീട് പാണ്ഡവരെ വനവാസത്തിനയച്ചുവല്ലൊ. വനവാസത്തിനു ശേഷം തിരിച്ചുവന്ന പാണ്ഡവർക്കവകാശപ്പെട്ട രാജ്യമോ നിയമപ്രകാരമുള്ള മറ്റവകാശങ്ങളോ കൊടുക്കുവാൻ കൗരവർ ഒരുക്കമായിരുന്നില്ല. ഭഗവാൻ കൃഷ്ണൻതന്നെ സ്വയം ദൂതനായിവന്ന് ദുര്യോധനനോടപേക്ഷിച്ചിട്ടും അവർ വഴങ്ങിയില്ല. മാത്രമല്ല ഭഗവാനെ പരിഹസിച്ച് അപമാനിച്ചയക്കുകയും ചെയ്തു. ദുര്യോധനൻ അതുവരെയാർജ്ജിച്ച സൽഫലങ്ങൾ മുഴുവനും നശിച്ചുകഴിഞ്ഞതിൻെറ തെളിവായിരുന്നു അത്. ഈ സമയത്ത് സഹോദരനായ വിദുരരെ വിളിച്ച് ധൃതരാഷ്ട്രർ ഉപദേശമാരായുകയുണ്ടായി.

പരീക്ഷിത്തേ, വിദുരർ അപ്പോൾ നൽകിയ ഉപദേശങ്ങൾ ഗഹനവും വിജ്ഞാനം നിറഞ്ഞതുമായ ഒരു വിശോത്തരതത്ത്വസംഹിതതന്നെയാണ്. ദുര്യോധനൻ തിന്മയുടെ മൂർത്തീഭാവമാണെന്നും അതുകൊണ്ടാണ് ഭഗവാൻ സ്വയം സുഹൃത്തായിരിക്കുന്ന പാണ്ഡവരെ അപമാനിക്കാനും നിന്ദിക്കാനും തുനിഞ്ഞതെന്നും വിദുരർ പറഞ്ഞു. ധൃതരാഷ്ട്രർക്ക് ഇതുകേട്ട് ദേഷ്യം വരികയും വിദുരരെ അപമാനിച്ച് നാടുവിടാൻ ആജ്ഞാപിക്കുകയും ചെയ്തു. വിജ്ഞാനിയായ വിദുരർക്ക് വിഷമം തോന്നിയെങ്കിലും എല്ലാത്തിലും, ഹീനപ്രവൃത്തികൾക്ക് പിന്നിൽപ്പോലും ഭഗവൽക്കരങ്ങൾ സ്വയം ദർശിച്ച് ആയുധങ്ങളെ നഗരവാതിൽക്കലു പേക്ഷിച്ച് അദ്ദേഹം തീർത്ഥാടനത്തിനു പുറപ്പെട്ടു.

നാടുമുഴുവൻ വേഷംമാറി ചുറ്റിനടന്ന് വിദുരർ ജീവിതത്തിൻേറയും ഭഗവാൻേറയും മഹിമകൾ ആസ്വദിച്ചു. ഭാരതത്തിൻെറ പടിഞ്ഞാറൻ നാടുകളിൽ യാത്രചെയ്യുമ്പോൾ മഹാഭാരതയുദ്ധത്തെപ്പറ്റിയും കൗരവരുടെ അന്ത്യത്തെപ്പറ്റിയും അദ്ദേഹം കേട്ടറിഞ്ഞു. പിന്നീടദ്ദേഹം ശ്രീകൃഷ്ണഭക്തനും തൻെറ മിത്രവുമായ ഉദ്ധവരെ കണ്ടു. അദ്ദേഹം ഉദ്ധവരോട് തൻെറ ബന്ധുമിത്രാദികളുടെ ക്ഷേമം അന്വേഷിച്ചു. പാണ്ഡവരെപ്പറ്റിയും ധൃതരാഷ്ട്രരെപ്പറ്റിയുമെല്ലാം. പിന്നീട് അദ്ദേഹം പറഞ്ഞു. "ഉദ്ധവരേ, ഭഗവാനുവേണമെങ്കിൽ കൗരവരെ അപ്പോൾ അവിടെവെച്ചുതന്നെ ശിക്ഷിക്കാമായിരുന്നു. പക്ഷെ അവരുടെ പാപപ്രവൃത്തികളെ കുറേസമയത്തേക്ക് അദ്ദേഹം കണ്ടില്ലെന്നുനടിച്ചു. കുലം, വിജ്ഞാനം, സമ്പത്ത് ഇവയേപ്പറ്റി ദുരഭിമാനികളും അഹങ്കാരികളുമായ രാജാക്കന്മാരെ സ്വയം ഉന്മൂലനം ചെയ്യിപ്പിക്കയും ചെയ്തു. ഭഗവാൻെറ മാർഗ്ഗങ്ങൾ അത്യന്തം നിഗൂഢമത്രെ. അദ്ദേഹം അവതാരമെടുക്കുന്നത് ദുഷ്ടനിഗ്രഹത്തിനും നന്മയെ തന്നിലേക്ക് ആകർഷിക്കുന്നതിനും മാത്രമാണെന്നു തോന്നുന്നു. അദ്ദേഹത്തെ വെറുമൊരു മനുഷ്യനായി മാത്രം കാണുന്നവർ സ്വയം വഞ്ചിക്കപ്പെടുകയാണ്."